**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4037** **15-07-2022 - ൽ മറുപടിയ്ക്ക്**

**തെളിനീരൊഴുകും നവകേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | തെളിനീരൊഴുകും നവ കേരളം പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ വിശദമാക്കുമോ? | (ബി) | തെളിനീരൊഴുകും നവ കേരളം കർമ്മ പദ്ധതി പ്രകാരം വിവിധ ജലസ്രോതസ്സുകൾ മഴക്കാലത്തിനു മുൻപ് തന്നെ വൃത്തിയാക്കുന്നതിന് സാധിക്കുകയും,തോടുകളുടെയും പുഴകളുടെയും നീരൊഴുക്ക് സുഗമമാകുന്നതിനും വെള്ള പ്പൊക്കം തടയുന്നതിനും ജല മലീനീകരണത്തിനെതിരെയുള്ള ബോധവത്കരണം നടത്തുന്നതിനും സാധിച്ചു.ജലത്തിന്റെ സാമ്പിളുകൾ പരിശോധിച്ചത് മുഖേന ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ പരിശോധിക്കുന്നതിനും മലിനീകരിക്കപ്പെട്ട ജലാശയങ്ങളുടെ മലിനീകരണ ഉറവിടം കണ്ടെത്തി അത് നിർത്തലാക്കുന്നതിനും സഹായകരമായി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| തെളിനീരാഴുകും നവ കേരളം പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ | | |
|---|---|---|
| പഞ്ചായത്ത് | പദ്ധതികൾ / ചെലവായ തുക | ഗുണഫലങ്ങൾ |
| കൊടിയത്തൂർ | • ഒരു കുളവും, ഇരുവഞ്ഞിപ്പുഴയും സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ശുചിയാക്കി.<br>• 1 0 തോടുകൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരിച്ചു.<br>• ആയതിന് 751240/- രൂപ ചെലവഴിച്ചു. | മഴക്കാലത്തിനു മുൻപ് തന്നെ ജലസ്രോതസ്സുകൾ വൃത്തിയാക്കുന്നതിന് സാധിച്ചു. |
| കാരശ്ശേരി | • ചെറുപുഴ പൊതുജന പങ്കാളിത്തത്തോടെ ശുചീകരിച്ചു.<br>• 2 5 തോടുകൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരിച്ചു.<br>• ആയതിന് 2500000/- രൂപ ചെലവഴിച്ചു. | തോടുകളുടെയും പുഴകളുടെയും നിരൊഴുക്ക് സുഗമമാക്കുന്നതിന് സാധിച്ചു. |
| കോടഞ്ചേരി | • 15 തോടുകൾ നവീകരിച്ചു.<br>• ആയതിന് 1399500/- രൂപ ചെലവഴിച്ചു | തോടിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതിന് സാധിച്ചു. വെള്ളപ്പൊക്ക നിയന്ത്രണവും സാധ്യമാക്കുന്നു. |
| തിരുവമ്പാടി | • ഇരുവഞ്ഞിപ്പുഴയിലെ അടിഞ്ഞു കൂടിയ മാലിന്യം സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ നീക്കം ചെയ്തു.<br>• മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 6,7 വാർഡുകളിലെ പൊയിലിങ്ങാപുഴയിൽ അടിഞ്ഞു കൂടിയ മാലിന്യം നിക്കം ചെയ്തു.<br>• ആയതിന് 140613/- രൂപ ചെലവഴിച്ചു. | വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കി |
| | • മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 1 2 തോടുകൾ | |

| | | |
|---|---|---|
| പുതുപ്പാടി | വൃത്തിയാക്കി. ആയതിന് 400000/- രൂപ ചെലവഴിച്ചു.<br>• സി.എഫ്.സി ഫണ്ട് ഉപയോഗിച്ച് ജലസ്രോതസ്സുകളിൽ നിന്നും മണ്ണും ചെളിയും നീക്കം ചെയ്ത ഇനത്തിൽ 1697497/- രൂപ ചെലവഴിച്ചു. | ഒഴുക്ക് സുഗമമാക്കുന്നതിനും വെള്ളപൊക്കം തടയുന്നതിനും സാധ്യമായി |
| കൂടരഞ്ഞി | കൽപിനി തോട്, ചെറുപുഴ എന്നിവ പൊതുജന പങ്കാളിത്തത്തോടെ ശുചീകരിച്ചു | ജല സ്രോതസ്സിന്റെ ഒഴുക്ക് സുഗമമാക്കി |
| മുക്കം മുനിസിപ്പാലിററി | • ജല സമിതി, ജല നടത്തം, ജല സഭ, ജലശുചീകരണ യജ്ഞം എന്നിവ സംഘടിപ്പിച്ചു.<br>• 33 തോടുകൾ ജലശുചീകരണ യജ്ഞത്തിലൂടെ ശുചീകരിച്ചു.<br>• ചെലവഴിച്ച തുക - 8456848/- | തോടുകളുടെയും പുഴകളുടെയും നിരൊഴുക്ക് സുഗമമാക്കുന്നതിന് സാധിച്ചു |